Ref: 3005/K-5/KCBC/OL/DS 14.2.2017

# മാർച്ച് 4 - ഫാ. ടോം ഉഴുന്നാലിൽ എസ്.ഡി.ബി. ബന്ദിയാക്കപ്പെട്ടതിന്റെ വാർഷിക ദിനാചരണം

യേശുവിൽ സഹോദരീസഹോദരന്മാരേ,

ഇന്ന് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ, പ്രത്യേകിച്ചും മധ്യപൂർവരാജ്യങ്ങളിൽ, ക്രൈസ്തവ സഹോദരങ്ങൾ അതിക്രൂരമായി പീഡിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണെന്നുള്ള വസ്തുത എല്ലാവർക്കും അറിവുള്ളതാണല്ലോ. പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പായും ആഗോളസഭയും നാൾക്കുനാൾ വർധിച്ചുവരുന്ന ക്രൈസ്തവ പീഡനങ്ങളിൽ വളരെയധികം ഉത്ക്കണ്ഠാകുലരാണ്. യുദ്ധവും കലഹവും മൂർധന്യാവസ്ഥയിൽ എത്തിനില്ക്കുന്ന സിറിയ, യെമൻ മുതലായ രാജ്യങ്ങളിൽ ഏറ്റവുമധികം നിഷ്ഠൂരമായി കൊലയ്ക്കും മൃഗീയമായ പീഡനങ്ങൾക്കും ഇരകളായിക്കൊണ്ടിരിക്കുന്നത് ആ രാജ്യങ്ങളിലെ ക്രൈസ്തവ സഹോദരങ്ങളാണ്.

ലോകമനസ്സാക്ഷിയെയും അതിലുപരിയായി, ഇന്ത്യയിലെ ക്രൈസ്തവ സമൂഹത്തെയും അതിയായി നടുക്കിയ ദാരുണ സംഭവമാണല്ലോ യെമൻ എന്ന രാജ്യത്തെ ഏദനിൽ മദർ തെരേസ സഹോദരികൾ നടത്തിവന്നിരുന്ന അഗതി മന്ദിരത്തിൽ ഭീകരർ നടത്തിയ ആക്രമണം. രണ്ടായിരത്തിപതിനാറ് മാർച്ച് 4-ാംതീയതി ഇന്ത്യൻ സമയം രാവിലെ 8.45-ന് നടത്തിയ ഭീകരാക്രമണത്തിന് ഇരയായത് നാലു മദർതെരേസ സഹോദരികളും അവരുടെ 12 ജോലിക്കാരുമാണ്. ഏദനിലെ പള്ളി വികാരിയും സിസ്റ്റേഴ്സിന്റെയും പ്രവാസി കത്തോലിക്കരുടെയും ആത്മീയ പിതാവുമായ സലേഷ്യൻ വൈദികൻ ഫാ. ടോം ഉഴുന്നാലിൽ അച്ചനെ പരിശുദ്ധ കുർബാനയ്ക്കുശേഷം പ്രാർത്ഥിച്ചുകൊണ്ടിരിക്കേ സിസ്റ്റേഴ്സിന്റെ ചാപ്പലിൽനിന്ന് തീവ്രവാദികൾ തട്ടിക്കൊണ്ടുപോകുകയും ചെയ്തു.

യെമനിലെ സഭകളുടെ ചുമതലയുള്ള അബുദാബി ബിഷപ്പ് അഭിവന്ദ്യ പോൾ ഹിൻഡർ പിതാവ് ഈ സംഭവം നടന്ന ഉടൻതന്നെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായെ അറിയിക്കുകയും പരിശുദ്ധ പിതാവ് നൂൺഷ്യോവഴി യു എ ഇ ഗവണ്മേന്റിനോട് ഭീകരാക്രമണത്തിൽനിന്ന് അത്ഭുതകരമായി രക്ഷപ്പെട്ട സിസ്റ്റർ സാലിയെ അവിടെ നിന്ന് രക്ഷപ്പെടുത്താനും ടോമച്ചന്റെ മോചനത്തിനായുമുള്ള എല്ലാ നടപടികളും സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുയുണ്ടായി. അതിൻപ്രകാരം സിസ്റ്റർ സാലിയെ സംഭവസ്ഥലത്തുനിന്ന് രക്ഷപ്പെടുത്തി സുരക്ഷിത സ്ഥലത്ത് എത്തിക്കുകയും, തുടർന്ന് അവരുടെ ജോർദ്ദനിലെ കോൺവെന്റിലേക്ക് മാറ്റുകയും ചെയ്തു.

ടോമച്ചന്റെ മോചനത്തിനായി പ്രാർത്ഥനകളും മറ്റെല്ലാ ശ്രമങ്ങളും വിവിധ തലങ്ങളിൽ ഗവണ്മേന്റും സഭയും നടത്തിക്കൊണ്ടിരിക്കുകയാണല്ലോ. എങ്കിലും ഇതുവരെയും അദ്ദേഹത്തെക്കുറിച്ച് മാധ്യമങ്ങളിൽ വരുന്ന വിവരങ്ങൾക്കുപരിയായി വ്യക്തമായ ഒരു ധാരണയും ഇല്ലായെന്നത് ഏറെ വേദനാജനകമാണ്. അദ്ദേഹത്തിന്റെ മോചനത്തിനായി ഇന്ത്യൻ ഗവണ്മേന്റും യു എ ഇ ഗവണ്മേന്റും വത്തിക്കാനും ഭാരതസഭയും സലേഷ്യൻ കോൺഗ്രിഗേഷനും കൂട്ടായ ശ്രമങ്ങൾ നടത്തിവരികയാണ്. സിബിസിഐയുടെ നേതൃത്വത്തിൽ ഇന്ത്യൻ സഭാസമൂഹവും ടോമച്ചൻ അംഗമായുള്ള സലേഷ്യൻ സഭയുടെ ബാംഗ്ലൂർ പ്രോവിൻസും ഗവണ്മേന്റുമായി നിരന്തരം ബന്ധപ്പെട്ട് പ്രധാനമന്ത്രി, വിദേശകാര്യമന്ത്രി, മുഖ്യമന്ത്രി എന്നിവരുമായി നിരന്തരമായ കൂടിക്കാഴ്ചകൾ നടത്തി എത്രയും വേഗം അച്ചന്റെ മോചനം ഉറപ്പാക്കാൻ അഭ്യർത്ഥിക്കുകയുണ്ടായി. എല്ലാ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുന്നതായി അവർ ഉറപ്പ് നല്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ഈ വരുന്ന മാർച്ച് മാസം 4-ാംതീയതി ടോമച്ചൻ ബന്ദിയാക്കപ്പെട്ടിട്ട് ഒരുവർഷം തികയുകയാണ്. നമ്മുടെ ഭാഗത്തു നിന്ന് അച്ചന്റെ മോചനത്തിനായി എല്ലാ ശ്രമങ്ങളും ഊർജിതപ്പെടുത്തേണ്ടിയിരിക്കുന്നു. ആയതിനാൽ മാർച്ച് 4-ാംതീയതി ഏറ്റവും ഉചിതമായി അനുസ്മരിക്കുവാനായി കേരള കത്തോലിക്കാസഭ എടുത്ത തീരുമാനങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

കേരള ക്രൈസ്തവ സഭയുടെ നേതൃത്വത്തിൽ മാർച്ച് 4-ന് വൈകുന്നേരം 5 മണിക്ക് എറണാകുളം ടൗൺ ഹാളിൽ വച്ച് പ്രാർത്ഥനാസമ്മേളനം നടത്താൻ തീരുമാനിച്ചിരിക്കുന്നു. അന്നേദിവസം എല്ലാ ഇടവകകളിലും ടോം അച്ചന്റെ മോചനത്തിനായി ശുശ്രൂഷ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു. എറണാകുളം ടൗൺ ഹാളിൽ സംഘടിപ്പിക്കുന്ന പ്രാർത്ഥനയിലും യോഗത്തിലും വൈദികരും സന്ന്യസ്തരും, വിശ്വാസികളും, പ്രത്യേകിച്ച് അടുത്ത പ്രദേശങ്ങളിൽ നിന്നുമുള്ളവർ, പങ്കെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഏവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

**ആർച്ചുബിഷപ് മോസ്റ്റ് റവ. ഡോ. എം. സൂസ പാക്യം**
പ്രസിഡന്റ്, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: 2017 ഫെബ്രുവരി 19-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയാ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്. .